## വിദ്യാഭ്യാസ വകുപ്പിലെ അഴിമതി സംബന്ധിച്ച വാർത്ത

88 [3262] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ വ്യാപകമായി ക്രമക്കേടുകളും അഴിമതിയും നടക്കുന്നത് സംബന്ധിച്ച് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാർത്തകളിൽ വിവരിച്ച അഴിമതികളെ സംബന്ധിച്ച് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി പ്രത്യേക അന്വേഷണ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ഇ) ഈ കമ്മിറ്റിയിൽ ആരെല്ലാമാണ് അംഗങ്ങൾ എന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത് ഏതെല്ലാം കേസുകളിലെ അന്വേഷണങ്ങളെ സംബന്ധിച്ചാണെന്ന് വ്യക്തമാക്കാമോ;

(ജി) ഈ വാർത്തകളുടെ പ്രസിദ്ധീകരണത്തിനുശേഷം എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(എച്ച്) ഇവരുടെ പേരും ഇവരുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റവും എന്താണെന്ന് വ്യക്തമാക്കാമോ;

(ഐ) വിദ്യാഭ്യാസ വകുപ്പിൽ എ.ഇ.ഒ. മുതൽ മുകളിലുള്ള ഉദ്യോഗസ്ഥരിൽ മുൻകാലങ്ങളിൽ നടപടിക്ക് വിധേയരായിട്ടുള്ളവർ ഉണ്ടോ; എങ്കിൽ അവരുടെ പേരുകൾ നൽകുമോ;

(ജെ) വിദ്യാഭ്യാസ വകുപ്പിൽ നടക്കുന്ന അഴിമതിയും ക്രമക്കേടുകളും അവസാനിപ്പിക്കാൻ സമഗ്രമായ അഴിച്ചുപണി താഴെ മുതൽ മുകൾ തട്ടുവരെ നടപ്പാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) വകുപ്പുതല അന്വേഷണം നടത്തുകയും ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) വിജിലൻസിന്റെ ചുമതലയുള്ള അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മറ്റു ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് അന്വേഷണം നടത്തുന്നത്

(എഫ്) പരാതികൾ ലഭിക്കുന്ന എല്ലാ കേസുകളിലും അന്വേഷണം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ജി) നാല് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും മൂന്നു പേരെ സ്ഥലം മാറ്റുകയും ചെയ്തു.

(എച്ച്)

| *സസ്പെന്റ് ചെയ്യപ്പെട്ടവർ* | *ആരോപിക്കപ്പെട്ട കുറ്റം* |
|---|---|
| 1. ശ്രീ. എം. ഒ. പുഷ്പേന്ദ്രൻ ഡി.ഡി.ഇ., ഇടുക്കി | സാമ്പത്തിക ക്രമക്കേടും ഭരണപരമായ വീഴ്ചയും |
| 2. ശ്രീ. എൻ. സോമരാജൻ ഡി.ഇ.ഒ., കാഞ്ഞങ്ങാട് | സ്വഭാവദൂഷ്യവും ഭരണപരമായ വീഴ്ചയും |
| 3. ശ്രീമതി കെ. ആർ. വിജയമ്മ ഡി.ഇ.ഒ., മൂവാറ്റുപുഴ | മാവേലിക്കര ഡി.ഇ.ഒ. ആയിരിക്കെ സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തിയതിലെ പരാതികൾ |
| 4. ശ്രീ. സി. വിജയനാശാരി യു.ഡി. ക്ലാർക്ക്, ഡി.ഇ.ഒ. ഓഫീസ്, തിരുവനന്തപുരം | തിരുവനന്തപുരം ഡി.ഡി.ഇ. ഓഫീസിൽ ക്ലാർക്കായിരിക്കെ പ്രൈമറി അദ്ധ്യാപകരുടെ (തമിഴ് ഭാഷ) ജില്ലാന്തര സ്ഥലം മാറ്റ ഫയലിൽ തിരിമറി നടത്തിയെന്ന പരാതി |

| *സ്ഥലം മാറ്റപ്പെട്ടവർ* | |
|---|---|
| 1. ശ്രീ. പി. കെ. വേണുഗോപാൽ, ജൂനിയർ സൂപ്രണ്ട്, ഡി.ഇ.ഒ. ഓഫീസ്, എറണാകുളം | എയിഡഡ് സ്കൂൾ സെക്ഷനിൽ യഥാസമയം ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച |
| 2. ശ്രീ. ജി. ജോൺ, പി.എ., ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരുവനന്തപുരം | എയിഡഡ് സ്കൂൾ സെക്ഷനിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ അമിതമായ കാലതാമസം |
| 3. ശ്രീ. കെ. മുരളീധരൻ, ഡി.ഇ.ഒ., കോഴിക്കോട് | ഭരണപരമായ വീഴ്ചയും സാമ്പത്തിക ക്രമക്കേടും |

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഉണ്ട്.

സസ്പെൻഷന് വിധേയരായവർ

| | | |
|---|---|---|
| 1. | ശ്രീ. കെ. ശശിധരൻ | ഡി.ഡി.ഇ. |
| 2. | ശ്രീ. എം. ഒ. പുഷ്പേന്ദ്രൻ | ,, |
| 3. | ശ്രീ. എ. അരുൺകുമാർ | ,, |
| 4. | ശ്രീ. വി. എൻ. സോമരാജൻ | ,, |
| 5. | ശ്രീ. കെ. മുരളീധരൻ | ഡി.ഇ.ഒ. |
| 6. | ശ്രീ. കെ. സുരേന്ദ്രൻ | ,, |
| 7. | ശ്രീ. എൻ. സോമരാജൻ | ,, |
| 8. | ശ്രീ. പി. വി. വേലായുധൻ | ,, |
| 9. | ശ്രീമതി കെ. ആർ. വിജയമ്മ | ,, |
| 10. | ശ്രീ. ഡിക്സി പ്രസാദ് | ,, |
| 11. | ശ്രീ. സി. രാജപ്പൻ | എ.ഇ.ഒ. |

വാർഷിക ഇൻക്രിമെന്റ് തടയപ്പെട്ടവർ

| | | |
|---|---|---|
| 1. | ശ്രീ. എൽ. രാജൻ | ഡി.ഡി.ഇ. |
| 2. | ശ്രീ. കെ. ശശിധരൻ | ,, |
| 3. | ശ്രീ. എൻ. ഡി. ഭദ്രൻ | ഡി.ഇ.ഒ. |
| 4. | ശ്രീ. എം. ശ്രീധരൻ | ,, |
| 5. | ശ്രീമതി ജസ്സി ജോസഫ് | ,, |

(ജെ) വിദ്യാഭ്യാസ വകുപ്പിൽ അഴിമതി നടക്കുന്നതായി സർക്കാരിന് അഭിപ്രായമില്ല. പരാതികൾക്ക് വിധേയരാകുന്നവർക്കെതിരെ അന്വേഷണം നടത്തി അപ്പഴപ്പോൾത്തന്നെ നടപടി സ്വീകരിക്കുന്നതുകൊണ്ട് വകുപ്പിൽ സമഗ്രമായ അഴിച്ചുപണിക്ക് പ്രസക്തിയില്ലെന്ന് സർക്കാർ കരുതുന്നു.

## സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനത്തിന് ഫീസ്

89 [3264] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ പഠനത്തിന്റെ പേരിൽ സംസ്ഥാനത്ത് സർക്കാർ/എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിച്ചെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർ പഠനത്തിന്റെ പേരിൽ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് വാങ്ങാൻ പാടില്ലെന്ന എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly